**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5332** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസമായി വിതരണം ചെയ്ത തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക കടാശ്വാസമായി നിലവിൽ എത്ര തുക വിതരണം ചെയ്യാനുണ്ടെന്നും പ്രസ്തുത തുക വിതരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കടാശ്വാസ കമ്മീഷനിൽ നിന്നും ലഭ്യമാകുന്ന അന്തിമ ഉത്തരവുകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക അനുവദിക്കുന്നത്. ഇപ്രകാരം വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കിയ 8349 അപേക്ഷകളിന്മേൽ 74,83,56,933/- രൂപ കടാശ്വാസമായി അനുവദിക്കാനുണ്ട്. പ്രസ്തുത തുക അടക്കം കടാശ്വാസ കമ്മീഷനിൽ നിന്ന് ലഭ്യമായ മുഴുവൻ അവാർഡുകളിന്മേലും വെരിഫിക്കേഷൻ നടപടികൾക്കുമുമ്പായി കടാശ്വാസ തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| (ബി) | കടാശ്വാസവുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വർഷം വരെയുള്ളവർക്ക് ആനുകൂല്യം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തീയതി രണ്ടു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിൽ വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-08-2020 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31-03-2016 വരെ എടുത്ത വായ്പകൾക്കും കടാശ്വാസത്തിന് അർഹതയുണ്ട്.<br><br>01-01-2023 മുതൽ 30-06-2023 വരെ അപേക്ഷ സമർപ്പിക്കുവാൻ അർഹരായ കർഷകർക്ക് അവസരമുണ്ട്. പ്രസ്തുത തീയതി ദീർഘിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ